## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3413

20/06/2018 -ൽ മറുപടിക്ക്

**എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ ലക്ചറർമാർക്ക് സ്പെഷ്യൽ റൂൾ ബാധകമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) കോളേജ് ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ആവശ്യമായ യു.ജി.സി. യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) 2010ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം നിർദ്ദിഷ്ട വിഷയത്തിൽ 55% മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET)/ഒരു അംഗീകൃത പരീക്ഷ (State Level Eligibility test - SLET/SET) യോഗ്യതയുമാണ് കോളേജ് ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിനാവശ്യമായ യോഗ്യതകൾ. എന്നാൽ 2009ന് മുമ്പ് നിർദ്ദിഷ്ട യു.ജി.സി യോഗ്യതയോടെ Ph.D നേടിയ ഗവേഷണ ബിരുദധാരികൾക്ക് NET യോഗ്യതയില്ലെങ്കിലും കോളേജ് ലക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും, ഭിന്നശേഷിക്കാർക്കും (Physically & visually differently abled) ബിരുദാനന്തര ബിരുദത്തിന്റെ യോഗ്യതാമാർക്കിൽ 5% ഇളവിന് അർഹതയുണ്ട്. |

P.T.O

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത യു.ജി.സി യോഗ്യത ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ ലക്ചറർമാർക്കും ബാധകമാക്കി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | അത്തരം ഒരു നിർദ്ദേശം ഇപ്പോൾ നിലവിൽ ഇല്ല. |
| (സി) | ലക്ചറർമാരെ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ തസ്തികയിൽ നിയമിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുമോ ? | (സി) | ഉണ്ട്. ഗ്രാമവികസന വകുപ്പിലെ പ്രൊമോഷൻ തസ്തികയാണ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ ലക്ചറർ തസ്തിക . നിലവിൽ സ്പെഷ്യൽ റൂൾ ഭേദഗതി പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ